അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

5 [210] *ശ്രീ. വി. ജെ. പൗലോസ്:*
,, *കെ. സി. ജോസഫ്:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *വർക്കല കഹാർ:*

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ സംസ്ഥാനത്തേക്ക് ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസുകൾ നടത്തുമ്പോൾ റെസിപ്രോക്കൽ അടിസ്ഥാനത്തിൽ ഇവിടെനിന്നും ആ സംസ്ഥാനങ്ങളിലേക്ക് കെ. എസ്. ആർ. ടി. സി.യുടെ സർവ്വീസ് നടത്താൻ പെർമിറ്റ് ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പെർമിറ്റ് അനുസരിച്ച് എത്ര റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ഇപ്പോൾ സർവ്വീസ് നടത്താതിരിക്കുന്നുണ്ട്; അതിനുള്ള കാരണമെന്ത്;

(സി) ഈ ഇന്റർ സ്റ്റേറ്റ് റൂട്ടുകളിലെ സർവ്വീസ് റദ്ദാക്കുമ്പോൾ ആ റൂട്ടുകളിൽ ഓടിയിരുന്ന ബസ്സുകൾ ലാഭത്തിലാണോ, നഷ്ടത്തിലാണോ ഓടിയിരുന്നത്;

(ഡി) ഇക്കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ റദ്ദാക്കിയ ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ പുനരാരംഭിക്കുന്നുണ്ടോ;

(ഇ) തിരുവനന്തപുരം ഡിപ്പോയിൽനിന്നും ബാംഗ്ലൂർക്ക് നടത്തിയിരുന്ന സർവ്വീസ് പുനരാരംഭിക്കുമോ;

(എഫ്) സമാന്തരസർവ്വീസുകൾ ഈ റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതുമൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ദീർഘദൂര റൂട്ടുകളിൽ സ്ഥിരം അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ സ്വകാര്യബസ് ഉടമകൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാല് സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. 1998-ലെ കേരള-കർണ്ണാടക അന്തർ സംസ്ഥാന കരാർപ്രകാരമുള്ള പാലക്കാട്-മൈസൂർ, തിരുവനന്തപുരം-ബാംഗ്ലൂർ (ചാമരാജ നഗർ വഴി) കോട്ടയം-ബാംഗ്ലൂർ, കണ്ണൂർ-പോണ്ടിച്ചേരി എന്നീ നാലു സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. പെർമിറ്റ് എടുത്തിട്ടില്ല. പ്രസ്തുത സർവ്വീസുകൾ തമിഴ്നാട്ടിലൂടെ ഓടിക്കാനുള്ള അനുവാദം തമിഴ്നാടുമായുള്ള കരാറുകളിൽ ഇല്ലാത്തതിനാലാണ് സർവ്വീസ് നടത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സർവ്വീസുകൾ ഓടിക്കാനുള്ള പെർമിറ്റുകൾ കെ.എസ്.ആർ.ടി.സി. എടുത്തിട്ടില്ലാത്തതും സർവ്വീസുകൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്.

(ഡി) ഒന്നും റദ്ദാക്കിയിട്ടില്ല.

(ഇ) പരിഗണനയിലുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്.

സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിൽ നിന്നുള്ള കാർഷിക വായ്പ

6 [211] *ശ്രീ. കെ. രാധാകൃഷ്ണൻ:*
" *വി. ചെന്താമരാക്ഷൻ:*
" *പിരപ്പൻകോട് മുരളി:*
" *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് കാർഷിക വികസനത്തിന് പ്രാമുഖ്യം നൽകുന്നതിനുപകരം കാർഷികേതര വായ്പ നൽകുന്നതിനാണ് മുൻഗണന നൽകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക വികസനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് വായ്പകൾ നൽകാൻ ബാങ്കിന് നിർദ്ദേശം നൽകുമോ;

(സി) സർക്കാർ ഗ്യാരണ്ടിയിൽ കുറഞ്ഞ പലിശനിരക്കിന് നബാർഡ് ബാങ്കുകൾക്ക് നൽകുന്ന വായ്പ കാർഷികമേഖലയിൽത്തന്നെ പ്രയോജനപ്പെടുത്തുവാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികവികസനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടാണ് ബാങ്ക് വായ്പ അനുവദിക്കുന്നത്.

(സി) നബാർഡ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് നൽകുന്ന വായ്പ നബാർഡിന്റെ വ്യവസ്ഥകൾക്കും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിന്റെ വ്യവസ്ഥകൾക്കും വിധേയമായാണ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly